# വൈണിക വിദ്വാൻ സംഗീതകലാനിധി
# [illegible] ശ്രീ. കെ. എസ്. നാരായണസ്വാമി അയ്യർ


വീണാ വാദന ശിരോമണി
കലാരത്ന
സംഗീത രത്നഎസ്. രുഗ്മിണിഗോപാലകൃഷ്ണൻ
റിട്ട. പ്രിൻസിപ്പൽ,
ചെമ്പൈ മെമ്മോറിയൽ ഗവ. മ്യൂസിക് കോളേജ്, പാലക്കാട്




എന്റെ പൂജ്യഗുരുനാഥൻ, ശ്രീ. കെ.എസ്. നാരായണസ്വാമി സാർ ഒരു സംഗീത കുടുംബത്തിൽ 1914-ൽ പാലക്കാട് ജില്ലയിലെ കൊടുവായൂരിൽ ശിവരാമ അയ്യർ, നാരായണി അമ്മാൾ ദമ്പതികളുടെ പുത്രനായി ജനിച്ചു. അദ്ദേഹത്തിന്റെ ജ്യേഷ്ഠസഹോദരൻ ശ്രീ. കൃഷ്ണയ്യരിൽ നിന്നും ഏഴാമത്തെ വയസ്സിൽ സംഗീതം പഠിക്കാൻ ആരംഭിച്ചു. 14 വയസ്സു വരെ അത് തുടർന്നു. അദ്ദേഹത്തിന്റെ അപാരമായ സ്വരജ്ഞാനം ചെറുപ്രായത്തിൽ തന്നെ പ്രകടമായിരുന്നു. വിദ്വാന്മാർ അദ്ദേഹത്തിന്റെ പ്രതിഭ അന്നേ തിരിച്ചറിയുകയും ചെയ്തു. സാറിന്റെ മറ്റൊരു ജ്യേഷ്ഠനായ ഗോവിന്ദസ്വാമി അയ്യർ സാറിനെ അണ്ണാമലൈ സർവ്വകലാശാലയിൽ വായ്പ്പാട്ടു വിഭാഗത്തിൽ പഠിക്കാൻ ചേർത്തു. അദ്ദേഹം വായ്പ്പാട്ടു വിഭാഗത്തിലെ ആദ്യബാച്ചിലെ വിദ്യാർത്ഥിയായിരുന്നു. അവിടെ മഹാവിദ്വാന്മാരായ സംഗീതകലാനിധി ശ്രീ. സബേശ അയ്യർ, സംഗീതകലാനിധി ശ്രീ. പൊന്നയ്യാപിള്ളൈ, ദേശമംഗലം സുബ്രഹ്മണ്യ അയ്യർ എന്നിവരിൽ നിന്നും വായ്പ്പാട്ട് പ്രധാനവിഷയമായും, വീണാ-മൃദംഗം എന്നിവ സബ്ജായും പഠിച്ചു. നല്ല രീതിയിൽ പാസ്സായ ഉടനെ അദ്ദേഹം സംഗീതകച്ചേരികൾ അവതരിപ്പിച്ചു തുടങ്ങിയെങ്കിലും കണ്ഠത്തിലുണ്ടായ അസ്വാസ്ത്യം മൂലം വീണാവാദനം കൂടുതൽ സാദകം ചെയ്യാൻ തുടങ്ങി. അങ്ങനെവീണാവാദനത്തിൽ ഒരു തനതു ശൈലി രൂപപ്പെടുത്തി വീണക്കച്ചേരികൾ ചെയ്തു തുടങ്ങി. ഈ അവസരത്തിൽ സാറിന്റെ തനതായ ശൈലിയെപ്പറ്റി രണ്ടുവാക്കു എഴുതാൻ ഞാൻ താല്പര്യപ്പെടുന്നു.

എന്റെ ഗുരുനാഥന്റെ ശൈലി മീട്ട് വളരെ കുറവായും വായ്പ്പാട്ടിൽ പാടിയാൽ എത്ര സുഖമായി ആസ്വദിക്കാൻ കഴിയുമോ അതേ പടി വീണയിൽ വായിക്കുമ്പോൾ നമുക്ക് ആസ്വദിക്കാൻ കഴിയും. കാരണം സമ്പ്രദായ ശുദ്ധമായ പാഠാന്തരം, ഗമകപ്രയോഗം വളരെ ലളിതമായ രീതിയിലും, ചിരലടി പ്രയോഗം അത്യാവശ്യം വേണ്ടസ്ഥലത്തും പ്രയോഗിക്കാവുന്ന രീതിയിലാണ് അദ്ദേഹത്തിന്റെ വായനശൈലി. അതുകൊണ്ട് ശിഷ്യന്മാർക്ക് ഭാവിയിൽ പഠിക്കാനും പഠിപ്പിക്കാനും അദ്ദേഹത്തിന്റെ ശുദ്ധമായ ശൈലിയിൽ തുടരാൻ ബുദ്ധിമുട്ട് ഉണ്ടാകാൻ ഇടയില്ലതാനും. ചുരുക്കിപ്പറഞ്ഞാൽ ശ്രീ.കെ.എസ്. നാരായണസ്വാമി അയ്യർ സ്റ്റൈൽ ആർഭാടമില്ലാത്ത ശുദ്ധമായ ശൈലിയിൽ കേൾക്കാൻ ദൈവീകമായ ഒരു വീണാവായനശൈലിയാണ് എന്ന് ഭാരതമൊട്ടാകെയുള്ള ആസ്വാദകർ സസന്തോഷം സമ്മതിച്ചു എന്ന് പറഞ്ഞാൽ അതിൽ ഒട്ടും അസത്യമില്ല.

1946-ൽ തിരുവനന്തപുരം ശ്രീ. സ്വാതിതിരുനാൾ അക്കാഡമിയിൽ വീണാവിഭാഗം ആരംഭിച്ചപ്പോൾ ബഹുമാനപ്പെട്ട തിരുവിതാംകൂർ മഹാറാണി തിരുമനസ്സ് അവർകൾ സാറിനെക്ഷണിച്ചു വരുത്തി വീണാവിഭാഗം മേധാവിയാക്കി. 1970വരെ വീണാവിഭാഗം മേധാവിയായും 1970 ൽ പ്രിൻസിപ്പാൾ ആയും സേവനം അനുഷ്ടിച്ചു സർവ്വീസിൽ നിന്നും വിരമിച്ചു. വിരമിച്ച ഉടൻ തന്നെ ബോംബെ ഷൺമുഖാനന്ദ ഫൈനാട്സ് സഭയിൽ പ്രിൻസിപ്പാൾ ആയി ചാർജ്ജെടുത്തു. അവിടെ പതിനഞ്ച്കൊല്ലം പ്രിൻസിപ്പാൾ ആയി സേവനം അനുഷ്ഠിച്ചു. തിരുവനന്തപുരത്തിലും ബോംബെയിലും അദ്ദേഹത്തിന് അനവധി ശിഷ്യസമ്പത്ത് ഉണ്ടായിരുന്നു.

1954-ൽ യു.എസ്.എസ്.ആർ തുടങ്ങിയ പല വിദേശരാജ്യങ്ങളിലും മറ്റും അദ്ദേഹം കൾച്ചറൽ എഡ്യൂക്കേഷനിൽ അംഗമായിട്ട് പര്യടനം നടത്തി.

1970-ൽ ശ്രീ. യഹൂദിമെനുവിന്റെ ക്ഷണം സ്വീകരിച്ച് ലണ്ടൻ, ബ്രിസ്റ്റൽ, ഓക്സ്ഫോർഡ്, കേംബ്രിഡ്ജ്, ബർഹിംഹാം മുതലായ സ്ഥലങ്ങളിൽ മ്യൂസിക് ഫെസ്റ്റിവലിൽ പങ്കെടുത്തു.

1970-ൽ ശ്രീ. യഹൂദിമെനുവിന്റെ ക്ഷണം സ്വീകരിച്ച് ലണ്ടൻ, ബ്രിസ്റ്റൽ, ഓക്സ്ഫോർഡ്, കേംബ്രിഡ്ജ്, ബർഹിംഹാം മുതലായ സ്ഥലങ്ങളിൽ മ്യൂസിക് ഫെസ്റ്റിവലിൽ പങ്കെടുത്തു.

1974-ൽ ഇന്റർനാഷണൽ സൊസൈറ്റി ഓഫ് മ്യൂസിക് എഡ്യൂക്കേഷന്റെ ആഭിമുഖ്യത്തിൽ
ലെവന്ത് കോൺഫറൻസിൽ ഓസ്ട്രേലിയയിലെ പെർത്തിൽ ശാസ്ത്രീയ സംഗീതക്ലാസ്സുകൾ നടത്തുകയും ചെയ്തു.

1977-ൽ ബർലിനിൽ ഇന്ത്യൻ മ്യൂസിക് ആന്റ് ഡാൻസ് ഫെസ്റ്റിവലിൽ പങ്കെടുക്കുകയും ചെയ്തു.

അദ്ദേഹത്തെ തേടിയെത്തിയ ബഹുമതികൾ അനവധിയാണ്.

1962-ൽ കേരളസംസ്ഥാനഅവാർഡ്

1968-ൽ തമിഴ്നാട് അവാർഡ്

”    കേന്ദ്രസംഗീതനാടക അക്കാഡമി അവാർഡ്

1977-ൽ പത്മഭൂഷൺ

1979-ൽ സംഗീത കലാനിധി അവാർഡ്, മദ്രാസ് മ്യൂസിക് അക്കാഡമി

1999-ൽ ‘സ്വാതി രത്ന’ അവാർഡ്

ആകാശവാണിയിൽ എ-ടോപ്പ് ഗ്രേഡ് വീണാ ആർട്ടിസ്റ്റായിരുന്ന അദ്ദേഹം ഒട്ടേറെ നാഷണൽ പ്രോഗ്രാമുകളും സംഗീതസമ്മേളനകച്ചേരികളും വായിച്ചിട്ടുണ്ട്. നവരാത്രി മണ്ഡപത്തിൽ തുടർച്ചയായി പല വർഷങ്ങൾ വീണക്കച്ചേരി വായിച്ചിരുന്നു. സാറിന്റെ ഭാര്യ ശ്രീമതി. ചെല്ലമ്മാൾ സുമുഖിയും സ്നേഹമയിയും ആയിരുന്നു. സാർ മരിക്കും മുമ്പേ അവർ ശിവലോകപ്രാപ്തി അടഞ്ഞു. ഏക മകൻ ശിവരാമൻ രണ്ടുകൊല്ലം മുമ്പ് മരിച്ചു. അദ്ദേഹം 84-ാംമത്തെ വയസ്സിൽ 9-12-1999 ൽ ഭഗവാനിൽ ലയിച്ചു. എന്നിരുന്നാലും ആ മഹത്തായ വീണാനാദം സംഗീതപ്രേമികളുടെ ഹൃദയത്തിൽ മുഴങ്ങിക്കൊണ്ടിരുന്നു.

എന്റെ ഗുരുനാഥൻ ശ്രീ.കെ.എസ് നാരായണസ്വാമി സാറിന്റെ അനുഗ്രഹാശിസ്സുകൾ എന്നും എനിക്ക് കിട്ടട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് എന്റെ ലേഖനം നിർത്തുന്നു.